ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.01.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. മാനസിക- ശാരീരിക ബുദ്ധിമുട്ടുകൾ ലഘൂകരിക്കാൻ യോഗ പോലുള്ള പരമ്പരാഗത രീതികൾ പ്രയോജനകരമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   President Draupadi Murmu says traditional methods like yoga are beneficial in alleviating mental and physical difficulties.

2. ഇന്ത്യയ്ക്ക് അവസരങ്ങളുടെ വർഷമായിരിക്കും 2025 എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ വിവിധ വികസന പദ്ധതികൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

   Prime Minister Narendra Modi says 2025 will be a year of opportunities for India. The Prime Minister inaugurated various development projects in New Delhi.

3. സ്റ്റാർട്ടപ്പ് മേഖലയ്ക്ക് അനുയോജ്യമായ മൂന്നാമത്തെ വലിയ രാജ്യമാണ് ഇന്ത്യയെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയുഷ് ഗോയൽ.

   Union Minister for Commerce and Industry Piyush Goyal says India is the third largest country suitable for the startup sector.

4. യെമനിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട നിമിഷ പ്രിയയ്ക്ക് സാധ്യമായ എല്ലാ സഹായങ്ങളും നൽകിവരുന്നതായി വിദേശകാര്യ മന്ത്രാലയം.

The Ministry of External Affairs says that all possible assistance is being provided to Nimisha Priya, who was sentenced to death in Yemen.

5. കേരള സ്കൂൾ കലോത്സവത്തിന് നാളെ തിരുവനന്തപുരത്ത് തിരി തെളിയും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

Chief Minister Pinarayi Vijayan to inaugurate the Kerala School Kalolsavam in Thiruvananthapuram tomorrow.

6. ബി.സി.സി.ഐ വനിതാ അണ്ടർ 19 ടൂർണമെന്റിന് നാളെ മഹാരാഷ്ട്രയിൽ തുടക്കം.

The BCCI Women's Under-19 Tournament will begin in Maharashtra tomorrow.

&&&&&&&&&&&&&&&&&&

## BENGALURU-PRESIDENT (INTRO)

മാനസിക- ശാരീരിക ബുദ്ധിമുട്ടുകൾ ലഘൂകരിക്കാൻ യോഗ പോലുള്ള പരമ്പരാഗത രീതികൾ പ്രയോജനകരമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ബംഗളുരുവിൽ നിംഹാൻസ് സുവർണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. മാനസിക വെല്ലുവിളി നേരിടുന്ന രോഗികൾക്ക് ഗുണനിലവാരമുള്ള പരിചരണം

ലഭിക്കാൻ നിംഹാൻസ് അവസരമൊരുക്കിയതായും ശ്രീമതി മുർമ്മു പറഞ്ഞു.

(ഹോൾഡ് വോയ്സ്.....)

ആഘോഷത്തിൻ്റെ ഭാഗമായി നിർമിച്ച സൈക്യാട്രി സ്പെഷ്യാലിറ്റി ബ്ലോക്ക്, സെൻട്രൽ ലബോറട്ടറി കാമ്പസ്, ഭീമ ഹോസ്റ്റൽ തുടങ്ങിയവയും രാഷ്ട്രപതി ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&

## PM - GRAMEEN MAHOTSAV

ഗ്രാമീൺ ഭാരത് മഹോത്സവ് 2025 പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, സ്വയം പര്യാപ്തമായ സാമ്പത്തിക മേഖല, ഗ്രാമീണ വിഭാഗങ്ങളുടെ നൂതന ആശയങ്ങളുടെ പ്രോത്സാഹനം എന്നിവയാണ് മഹോത്സവത്തിൻറെ ലക്ഷ്യം. വികസിത ഭാരതം 2047 നായി ഗ്രാമീണ മേഖലയെ ശാക്തീകരിക്കുക എന്നതാണ് ആറു ദിവസത്തെ മഹോത്സവത്തിൻറെ പ്രമേയം.

&&&&&&&&&&&&&&&&&&

## PM- DELHI PROJECTS (INTRO)

ഇന്ത്യയ്ക്ക് അവസരങ്ങളുടെ വർഷമായിരിക്കും 2025 എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ലോകത്തെ നിർമ്മാണ കേന്ദ്രമാകാനും സ്റ്റാർട്ടപ്പുകളിലൂടെയും നൂതന

സംരംഭങ്ങളിലൂടെയും യുവാക്കളെ ശാക്തീകരിക്കാനും 2025ൽ സാധിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ന്യൂഡൽഹിയിൽ വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

(ഹോൾഡ് വോയ്സ്..........)

അശോക് വിഹാറിൽ ചേരി പുനരധിവാസ പദ്ധതിയുടെ ഭാഗമായി നിർമിച്ച 1,700 ഓളം ഫ്ലാറ്റുകളുടെ ഉദ്ഘാടനവും 300 കോടി രൂപ ചെലവിൽ ദ്വാരകയിൽ നിർമിച്ച സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യുക്കേഷന്റെ ഇന്റഗ്രേറ്റഡ് ഓഫീസ് കോംപ്ലക്സും ശ്രീ മോദി ഉദ്ഘാടനം ചെയ്തു. ഡൽഹി സർവകലാശാലയിൽ 600 കോടി രൂപയുടെ മൂന്ന് പദ്ധതികളുടെ നിർമാണത്തിന് തുടക്കമിട്ട പ്രധാനമന്ത്രി നജാഫ്ഘട്ടിലെ ROSHANPURA-യിൽ വീർ സവർക്കർ കോളേജിൻറെ ശിലാസ്ഥാപനവും നിർവഹിച്ചു.

&&&&&&&&&&&&&&&&&&

## GOYAL STARTUP

സ്റ്റാർട്ടപ്പ് മേഖലയ്ക്ക് അനുയോജ്യമായ മൂന്നാമത്തെ വലിയ രാജ്യമാണ് ഇന്ത്യയെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയുഷ് ഗോയൽ. 100 കോടിക്കു മുകളിൽ ആസ്തിയുള്ള 110 സ്റ്റാർട്ടപ്പുകളാണ് ഇന്ത്യയിൽ ഉള്ളതെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ ഒൻപത് വർഷങ്ങളിൽ രാജ്യത്തെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിൽ പരിവർത്തനം സൃഷ്ടിക്കാനായതായും നൂതന ആശയങ്ങളുമായി മുന്നോട്ട്

വരുന്ന യുവാക്കൾക്ക് ഇത് പ്രചോദനമേകുന്നതായും കേന്ദ്രമന്ത്രി ന്യൂഡൽഹിയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

**AMIT SHAH**

രാജ്യത്തെ ദ്വീപുകളുടെ സമഗ്ര വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ദ്വീപ് വികസന ഏജൻസി - ഐ.ഡി.എ.യുടെ ഏഴാമത് യോഗം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ഡൽഹിയിൽ ചേർന്നു. ആൻഡമാൻ നിക്കോബാർ ലഫ്റ്റനൻ്റ് ഗവർണർ ദേവേന്ദ്രകുമാർ ജോഷി, ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേൽ, മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

**ASSAM-VAISHNAW**

അസമിലെ ഗുവാഹത്തിയിൽ ആകാശവാണി കൊക്രജാർ എഫ്.എം സ്റ്റേഷൻ കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വനി വൈഷ്ണവ് ഉദ്ഘാടനം ചെയ്തു. തുടർന്ന് ഗുവാഹത്തിയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജിയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. കേന്ദ്രമന്ത്രിയും ഗവർണർ ലക്ഷ്മൺ പ്രസാദ് ആചാര്യയും മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മയും ചേർന്ന് മൂന്ന് ട്രെയിനുകളുടെ ഫ്ളാഗ് ഓഫും നിർവഹിച്ചു.

&&&&&&&&&&&&&&&&&&

## CHINA NEW VIRUS

കോവിഡ് മഹാമാരിക്ക് അഞ്ചു വർഷങ്ങൾക്ക് ശേഷം ചൈനയിൽ പുതിയ വൈറസ് പടരുന്നതായി റിപ്പോർട്ട്. ***ഹ്യൂമൻ മെറ്റാന്യൂമോവൈറസ്*** എന്ന എച്ച്.എം.പി വൈറസ് പടരുന്നതായാണ് റിപ്പോർട്ട്. നിരവധി പേരിൽ ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ പടരുന്നത് ആശങ്ക സൃഷ്ടിച്ചിട്ടുണ്ട്. സ്ഥിതിഗതി ഇന്ത്യ സസൂക്ഷ്മം നിരീക്ഷിച്ചു വരികയാണെന്നും ആശങ്കപ്പെടേണ്ട സാഹചര്യം ഇല്ലെന്നും ആരോഗ്യവകുപ്പ് അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## Nitin Gadkari

ഡൽഹിയിലെ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും തിരക്കും മലിനീകരണവും കുറയ്ക്കുന്നതിനുമായി കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി 12,500 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചു. സെൻട്രൽ റോഡ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നിന്ന് ഡൽഹിക്ക് 1,200 കോടി രൂപ നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## CRICKET

ഇന്ത്യ-ഓസ്ട്രേലിയ ബോർഡർ ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന ടെസ്റ്റിൽ ഇന്ത്യക്ക് ബാറ്റിംഗ് തകർച്ച. ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ഇന്ത്യ 185 റൺസിന് പുറത്തായി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഓസ്ട്രേലിയ ഇന്ന് കളി അവസാനിക്കുമ്പോൾ ഒരു വിക്കറ്റ് നഷ്ടത്തിൽ 9 റൺസ് എന്ന നിലയിലാണ്. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഓസീസ് 2-1 ന് മുന്നിലാണ്.

&&&&&&&&&&&&&&&&&&

## BCCI WOMEN UNDER

മഹാരാഷ്ട്ര ക്രിക്കറ്റ് അസോസിയേഷൻ സംഘടിപ്പിക്കുന്ന ബി.സി.സി.ഐ വനിതാ അണ്ടർ 19 ടൂർണമെന്റിന് നാളെ ഛത്രപതി സംഭാജി നഗറിലെ ഗാർവെയർ സ്റ്റേഡിയത്തിൽ തുടക്കമാകും. അന്താരാഷ്ട്ര തലത്തിലുള്ള നിരവധി വനിതാ ക്രിക്കറ്റ് താരങ്ങൾ ടൂർണമെന്റിൽ മാറ്റുരയ്ക്കും.

&&&&&&&&&&&&&&&&&&

## MEA CHINA-INTRO

യെമനിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട മലയാളി നഴ്സ് നിമിഷ പ്രിയയ്ക്ക് കേന്ദ്രസർക്കാർ സാധ്യമായ എല്ലാ സഹായങ്ങളും നൽകിവരുന്നതായി വിദേശകാര്യവക്താവ് രൺധീർ ജയ്സ്വാൾ. സ്ഥിതിഗതികൾ ഇന്ത്യ സസൂക്ഷ്മം നിരീക്ഷിച്ച് വരികയാണെന്നും അദ്ദേഹം ഡൽഹിയിൽ പറഞ്ഞു. ഇന്ത്യയും അമേരിക്കയും തമ്മിൽ ശക്തമായ

ബന്ധമാണ് നിലനിൽക്കുന്നതെന്നും സാമ്പത്തിക-സാങ്കേതിക മേഖലയിൽ ഇരു രാജ്യങ്ങൾക്കുമിടയിലെ ബന്ധം വർദ്ധിച്ചുവരുന്നതായും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

(ഹോൾഡ് വോയ്സ്.......)

ചൈനയിലെ നിർമ്മാണ പ്രവർത്തികൾ ഇന്ത്യയെ ബാധിക്കരുതെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നദിക്കരകളിലെ നിർമ്മാണ പ്രവർത്തികളിലെ ഇന്ത്യൻ ആശങ്ക നയതന്ത്ര ചർച്ചകളിൽ നിരന്തരം ഉയർത്തിക്കാട്ടുന്നതായും ശ്രീ ജയ്സ്വാൾ പറഞ്ഞു.

&&&&&&&&&&&&&&&&&&

## KERALA SCHOOL FEST

നാളെ തിരുവനന്തപുരത്ത് ആരംഭിക്കുന്ന അറുപത്തി മൂന്നാമത് കേരള സ്കൂൾ കലോത്സവം കൂട്ടായ്മയുടെ വിജയമാകുമെന്ന് മന്ത്രി വി ശിവൻകുട്ടി. കലോത്സവം രജിസ്ട്രേഷനും വോളന്റിയർ പരിശീലനവും മന്ത്രി ഉദ്ഘാടനം ചെയ്തു. കലോത്സവത്തോടനുബന്ധിച്ച് വിപുലമായ ആരോഗ്യ സേവനങ്ങൾ സജ്ജമാക്കിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. നാളെ രാവിലെ സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ മേളയ്ക്ക് തിരി തെളിക്കും.

&&&&&&&&&&&&&&&&&&

## Periya Case

കേരളത്തിൽ കാസർകോഡ് ജില്ലയിൽ പെരിയ ഇരട്ട കൊലപാതക കേസിൽ ഒന്നു മുതൽ 8 വരെ പ്രതികൾക്ക് എറണാകുളം പ്രത്യേക സിബിഐ കോടതി ജീവപര്യന്തം തടവ് ശിക്ഷ വിധിച്ചു. കൂടാതെ ഗൂഢാലോചനയിൽ പങ്കെടുത്ത കേസിലെ മറ്റു രണ്ടു പ്രതികൾക്കും കോടതി ജീവപര്യന്തം വിധിച്ചിട്ടുണ്ട്. മുൻ എംഎൽഎ കെ. വി കുഞ്ഞിരാമൻ ഉൾപ്പെടെ 4 സി.പി.ഐ.എം പ്രവർത്തകർക്ക് അഞ്ചുവർഷം തടവും കോടതി ശിക്ഷ വിധിച്ചു. കോൺഗ്രസ് പ്രവർത്തകരായ കൃപേഷിനെയും, ശരത്ലാലിനെയും 2019 ഫെബ്രുവരി 17 ന് വെട്ടിക്കൊലപ്പെടുത്തിയ കേസിലാണ് കോടതി ശിക്ഷ വിധിച്ചത്.

&&&&&&&&&&&&&&&&&&

## PRAVASI BHARATIYA SAMMAN AWARDS

പ്രവാസി ഭാരതീയ ദിവസ് സമ്മേളനത്തിന്റെ 18-ാമത് പതിപ്പ് ഈ മാസം 8 മുതൽ 10 വരെ ഒഡീഷയിലെ ഭുവനേശ്വറിൽ നടക്കും. സമാപന സമ്മേളനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു ഇരുപത്തിയേഴ് പേർക്ക് പ്രവാസി ഭാരതീയ സമ്മാൻ അവാർഡുകൾ സമ്മാനിക്കും. വിവിധ മേഖലകളിൽ ഇന്ത്യൻ പ്രവാസികൾ കൈവരിച്ച മികവിനെ പ്രതിനിധീകരിക്കുന്നവരാണ് പുരസ്കാര ജേതാക്കൾ.

&&&&&&&&&&&&&&&&&&

**JAISHANKAR - IRAN**

ഇന്ത്യ- ഇറാൻ ഉഭയകക്ഷി ബന്ധം, ചാബഹാർ തുറമുഖം ഉൾപ്പെടെയുള്ള പ്രാദേശിക വികസനം വിഷയങ്ങളിൽ വിദേശകാര്യ മന്ത്രി എസ് ജയശങ്കറും ഇറാന് വിദേശകാര്യ ഉപമന്ത്രി മാജിദ് രവാഞ്ചിയും ന്യൂഡൽഹിയിൽ ചർച്ച നടത്തി. ഇരു രാജ്യങ്ങൾക്കുമിടയിലെ ഉഭയകക്ഷി സഹകരണം മെച്ചപ്പെടുത്താൻ വിദേശകാര്യ തല ചർച്ചകൾക്ക് സാധിക്കുമെന്ന് കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

**EPFO - PENSION**

ഇപിഎഫ്ഒ യുടെ പെൻഷൻ വിതരണ സംവിധാനത്തിലൂടെ 68 ലക്ഷം പെൻഷൻകാർക്ക് 1,570 കോടി രൂപ വിതരണം ചെയ്തതായി എംപ്ലോയീസ് പ്രൊവിഡൻറ് ഫണ്ട് ഓർഗനൈസേഷൻ. 122 പെൻഷൻ വിതരണ ഓഫീസുകളിലൂടെയാണ് കഴിഞ്ഞ വർഷം ഡിസംബർ വരെ തുക വിതരണം ചെയ്തത്.

&&&&&&&&&&&&&&&&&&

**VANDE BHARAT - SLEEPER**

പുതിയതായി രൂപകല്പന ചെയ്ത വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ പരീക്ഷണ ഓട്ടത്തിൽ മണിക്കൂറിൽ 180 കിലോമീറ്റർ വേഗത കൈവരിച്ചു. കോട്ട ഡിവിഷനിലെ വിജയകരമായ

പരീക്ഷണത്തിന്റെ വീഡിയോ റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് സാമൂഹ്യ മാധ്യമത്തിൽ പങ്കുവെച്ചു.

&&&&&&&&&&&&&&&&&&

## US-PLANE CRASH

യു.എസിൽ തെക്കൻ കാലിഫോർണിയയിലെ ഒരു വാണിജ്യ കെട്ടിടത്തിലേക്ക് ചെറുവിമാനം ഇടിച്ചുകയറി രണ്ട് പേർ മരിച്ചു. 18 പേർക്ക് പരിക്കേറ്റു. ഒറ്റ എൻജിൻ മാത്രമുള്ള വാൻസ് ആർവി-10 എന്ന ചെറുവിമാനമാണ് തകർന്നത്.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&
&&&&&&&
&&&&&&
&&&&
&&&
&&
&